സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - നിയമ വിഭാഗം - ഡെപ്യൂട്ടി ലാ ആഫീസർ തസ്തിക - പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 8626/21/Est-I** നന്തൻകോട്, **14/02/2025**

---

പരാമർശം :- (1) DBP 24/2009 നമ്പർ കേസിലെ 23-07-2009 ലെ ഉത്തരവ്.
(2) ലാ ആഫീസറുടെ 15-09-2021 ലെ കത്ത്.
(3) 17-11-2021 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
(4) 25-04-2025 ലെ ROC 4343/21/Est-A നമ്പർ റിപ്പോർട്ട്.
(5) അസിസ്റ്റന്റ് ലാ ആഫീസറുടെ 12-12-2025 ലെ നിവേദനം.
(6) ലാ ആഫീസറുടെ 01-01-2025 ലെ റിമാർക്സ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമ വിഭാഗത്തിലെ തസ്തികകൾ പുനർക്രമീകരിച്ച് പ്രൊമോഷന് സാഹചര്യമൊരുക്കണമെന്ന് വിവരിച്ച് നിയമ വിഭാഗം ഉദ്യോഗസ്ഥർ സമർപ്പിച്ച നിവേദനം ലാ ആഫീസറുടെ റിപ്പോർട്ട് സഹിതം ലഭിച്ചു (പരാമർശം -2).

പ്രൊഫഷണൽ ഡിഗ്രി യോഗ്യതയുള്ള നിയമ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് നിലവിൽ പ്രൊമോഷൻ സാദ്ധ്യതകൾ ഒന്നുംതന്നെ ഇല്ലായെന്നും മറ്റ് വിഭാഗങ്ങളിലെല്ലാം പ്രൊമോഷൻ തസ്തികകൾ നിലവിലുണ്ടെന്നും ആകയാൽ നിയമ വിഭാഗത്തിൽ നിലവിലുള്ള തസ്തികകൾ പുന:ക്രമീകരിച്ച് പ്രൊമോഷൻ സാഹചര്യം ഒരുക്കണമെന്നും വിവരിച്ച് അസിസ്റ്റന്റ് ലാ ആഫീസർമാർ സമർപ്പിച്ച നിവേദനത്തിന്മേൽ ടി ആവശ്യം പരിഗണനാർഹമാണെന്നും നിയമ വിഭാഗത്തിൽ നിലവിലുള്ള അസിസ്റ്റന്റ് ലാ ആഫീസർ തസ്തിക ഡെപ്യൂട്ടി ലാ ആഫീസർ തസ്തികയായി അപ്ഗ്രേഡ് ചെയ്തും ഒരു അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് -2 തസ്തിക അസിസ്റ്റന്റ് ലാ ആഫീസർ ആയി അപ്ഗ്രേഡ് ചെയ്തും നിലവിലുള്ള ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ അനുവദിക്കാമെന്നും ലാ ആഫീസറുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായി പരിശോധിച്ച് ഉചിതമായ ശുപാർശ നൽകുന്നതിന് ശമ്പളപരിഷ്ക്കരണ കമ്മിറ്റിയെ ചുമതലപ്പെടുത്തി ബോർഡ് ഉത്തരവായി (പരാമർശം -3).

.....2

ദേവസ്വം ബോർഡിൽ ലീഗൽ അസിസ്റ്റന്റുമാരുടെ വിദ്യാഭ്യാസ യോഗ്യതകളും ശമ്പളവും ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ലീഗൽ അസിസ്റ്റന്റുമാർക്ക് തുല്യമായിരിക്കണമെന്ന ബഹു: കേരള ഹൈക്കോടതിയുടെ CMP 1533/93 നമ്പർ കേസിലെ 18-06-1993 ലെ വിധിന്യായവും DBP 24/2009 നമ്പർ കേസിലെ 23-07-2009 ലെ വിധിന്യായം ലാ ആഫീസറുടെ കത്തും ബോർഡിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തി ഈ വിഷയം പരിഗണിക്കേണ്ടതാണെന്നും പുതിയ തസ്തിക സൃഷ്ടിക്കൽ, പ്രോമോഷൻ സാദ്ധ്യത തുടങ്ങിയ ആവശ്യങ്ങളാണ് പ്രധാനമായും നിയമ വിഭാഗത്തിലെ ജീവനക്കാർ നിവേദനത്തിലൂടെ ആവശ്യപ്പെട്ടു കാണുന്നതെന്നും ടി വിഷയം അനോമലി കമ്മിറ്റിയുടെ ചർച്ചയ്ക്കും പരിഗണനയ്ക്കും ഉളള വിഷയത്തിൽപ്പെടുന്നതല്ല, അതിനാലും സ്പെഷ്യൽ റൂളിൽ ഭേദഗതി ആവശ്യമായ വിഷയമായതിനാലും അപേക്ഷയിന്മേൽ ബോർഡ് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി അനോമലി കമ്മിറ്റിയുടെ ശുപാർശ ലഭിച്ചു (പരാമർശം -4).

നിലവിൽ ബോർഡിലെ നിയമവിഭാഗത്തിൽ 5 തസ്തികകളാണ് ഉള്ളതെന്നും ഇതിൽ ഒരു അസിസ്റ്റന്റ് ലാ ആഫീസർ തസ്തികയും ബാക്കി നാലെണ്ണം അസിസ്റ്റന്റ് ലാ ആഫീസർഗ്രേഡ്-2 തസ്തികയുമാണെന്നും ആകയാൽ നിലവിലെ അസിസ്റ്റന്റ് ലാ ആഫീസർ തസ്തിക ഡെപ്യൂട്ടി ലാ ആഫീസർ തസ്തികയായും ഒരു അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ്-2 തസ്തിക അസിസ്റ്റന്റ് ലാ ആഫീസർ തസ്തികയായും ഉയർത്തുകയാണെങ്കിൽ ഇത്തരത്തിൽ അപ്ഗ്രേഡ് ചെയ്യപ്പെടുന്ന തസ്തികകളുടെ ശമ്പള സ്കെയിൽ അനോമിലി കമ്മിറ്റിയുടെ റിപ്പോർട്ടിൽ സൂചിപ്പിക്കും പ്രകാരം 63,700-1,23,700, 56,500-1,18,100 എന്ന ശമ്പള സ്കെയിൽ ഫിക്സ് ചെയ്യാവുന്നതാണെന്നും അങ്ങനെ തീരുമാനിക്കുന്ന പക്ഷം, നിയമ വിഭാഗത്തിലെ നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പ്രമോഷന് യോഗ്യരായ ആദ്യ രണ്ട് പേരായ ടിയാന്മാർക്ക് ഇരുപത് വർഷത്തോളം സർവ്വീസ് ഉള്ളതിനാൽതന്നെ നിലവിലെ അടിസ്ഥാന ശമ്പളം (യഥാക്രമം 77,200/-, 73,600/- ആകയാൽ) മേൽ പറഞ്ഞ ശമ്പള സ്കെയിലുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലായി കാണുന്നതിനാൽ ഇത്തരത്തിൽ തസ്തികകൾ പുനർ ക്രമീകരിക്കുമ്പോൾ ബോർഡിന് യാതൊരുവിധ സാമ്പത്തിക ബാധ്യത ഉണ്ടാകുകയുമില്ലെന്നും പുതിയ തസ്തികകൾ സൃഷ്ടിക്കാതെ നിലവിലെ അനുവദനീയമായ തസ്തികകളിൽ ഒതുക്കി നിർത്തി കൊണ്ടുള്ള പുനർ ക്രമീകരണം തസ്തികകളുടെ സ്റ്റാറ്റസിൽ മാത്രമേ മാറ്റം വരുത്തുകയുള്ളൂവെന്നും ആയതിനാൽ ബഹു.കോടതിയുടെ ഉത്തരവും ലാ ആഫീസറുടെ അഭിപ്രായവും അനോമിലി കമ്മിറ്റിയുടെ യോഗതീരുമാനവും കണക്കിലെടുത്ത് നിയമ വിഭാഗത്തിന് നിലവിലെ അഞ്ച് തസ്തികകളിൽ അസിസ്റ്റന്റ് ലാ ആഫീസർ തസ്തിക ഡെപ്യൂട്ടി ലാ ആഫീസർ തസ്തികയായും ഒരു അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ്-2 തസ്തിക അസിസ്റ്റന്റ് ലാ ആഫീസർ തസ്തികയായും അപ്ഗ്രേഡ് ചെയ്ത് പ്രമോഷൻ സാഹചര്യം ഒരുക്കമെന്ന ആവശ്യം പരിഗണിക്കണമെന്നും വിവരിച്ച് അപേക്ഷ സമർപ്പിച്ചു (പരാമർശം -5).

...3

ടി നിവേദനത്തിന്മേൽ ലാ ആഫീസറുടെ അഭിപ്രായം ലഭ്യമാക്കി (പരാമർശം -6).

ലാ ആഫീസറുടെ അഭിപ്രായത്തിൽ ലാ വിഭാഗത്തിൽ പ്രൊമോഷൻ സാദ്ധ്യത കുറവാണെന്നും നിലവിൽ ഡെപ്യൂട്ടി ലാ ആഫീസർ തസ്തിക അനുവദിക്കുമ്പോൾ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകില്ലായെന്നും ഇതിന്മേൽ ബോർഡ് അനുകൂലമായ തീരുമാനം കൈക്കൊളളണമെന്നും അഭിപ്രായപ്പെട്ടിട്ടുളളതാണ്.

പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

അസിസ്റ്റന്റ് ലാ ആഫീസർമാരുടെ അപേക്ഷ, അനോമലി കമ്മിറ്റിയുടെ ശുപാർശ, ലാ ആഫീസറുടെ അഭിപ്രായം, DBP 24/2009 നമ്പർ വിധിന്യായം എന്നിവ ബോർഡ് വിശദമായി പരിശോധിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമ വിഭാഗത്തിൽ നിലനിൽക്കുന്ന തസ്തികകളിൽ നിലവിലെ അസിസ്റ്റന്റ് ലാ ആഫീസർ തസ്തിക ഡെപ്യൂട്ടി ലാ ആഫീസർ തസ്തികയും ഒരു അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് -2 തസ്തിക അസിസ്റ്റന്റ് ലാ ആഫീസർ തസ്തിക ആയും അപ്ഗ്രേഡ് ചെയ്ത് ഉത്തരവാകുന്നു.
- മേൽ പ്രകാരം അപ്ഗ്രേഡ് ചെയ്ത ഡെപ്യൂട്ടി ലാ ആഫീസർ തസ്തികയുടെ ശമ്പളസ്കെയിൽ 63700 – 123700 ആയി നിജപ്പെടുത്തുന്നു.
- ടി വിഷയം സംബന്ധിച്ച് Travancore Devaswom Board Officers' and Servants' Service Rule -2022 ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കരട് വിജ്ഞാപനം ഗവൺമെന്റിലേക്ക് അയയ്ക്കുന്നതിനും തീരുമാനിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. ഇ ഡി പി
4. സെക്ഷൻ ഫയൽ
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK